**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6056** **09-11-2021 - ൽ മറുപടിയ്ക്ക്**

**വനമേഖലയിലെ ഉരുൾപൊട്ടൽ മേഖല മുൻകൂട്ടി തിരിച്ചറിയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനപ്രദേശങ്ങളിലെ ഉരുൾപൊട്ടൽ മേഖല മുൻകൂട്ടി തിരിച്ചറിയാൻ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | വനപ്രദേശങ്ങളിലെ ഉരുൾപൊട്ടൽ മേഖല മുൻകൂട്ടി തിരിച്ചറിയുന്നതിന് ഉത്തരമേഖല വനം സർക്കിളിന്റെ പരിധിയിൽ മാത്രമെ പഠനം നടത്തിയിട്ടുള്ളൂ. വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള പ്രദേശങ്ങളെക്കുറിച്ച് ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ് കൊല്ലം, എൻ.ഐ.സി.ടി കോഴിക്കോട് എന്നിവിടങ്ങളിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ സംയുക്തമായി തയ്യാറാക്കിയ പഠനറിപ്പോർട്ട് പ്രകാരം ലാന്റ് സ്ലൈഡ് സോണേഷൻ മാപ്പ് തയ്യാറാക്കിയിട്ടുള്ളതാണ്. Critical, Highlly unstable, Moderately unstable, Modertately stable, Stable എന്നിങ്ങനെ 5 സോണുകളായിട്ടാണ് ഉരുൾപൊട്ടൽ സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ വിഭജിച്ചിട്ടുള്ളത്. |
| (ബി) | ഇത്തരം മേഖലകളിൽ കൂടുതൽ സുരക്ഷ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കാലാവസ്ഥാ മുന്നറിയിപ്പ് ഡിസാസ്റ്റർ മാനേജ്മെന്റ് ചെയർമാനായ അതാത് ജില്ലാ കളക്ടർമാർ മുൻകൂട്ടി നല്കുന്ന നിർദ്ദേശങ്ങൾ പ്രകാരം സുരക്ഷാക്രമീകരണങ്ങൾ നടത്തുന്നുണ്ട്. ജാഗ്രതാ നിർദ്ദേശമുള്ള സമയങ്ങളിൽ വനമേഖലയിലെ ടൂറിസം, ട്രക്കിംഗ് മുതലായ പ്രവർത്തനങ്ങൾ നിരോധിക്കാറുണ്ട്. വനമേഖലയിലെ ഖനനപ്രവർത്തനം കർശനമായി നിരോധിച്ചിട്ടുണ്ട്. കൂടാതെ വനങ്ങളോട് ചേർന്നു കിടക്കുന്ന സ്വകാര്യഭൂമിയിൽ നടത്തുന്ന ക്വാറികളുടെ പ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിക്കേണ്ടതുമാണ്. ചെങ്കുത്തായ വനപ്രദേശത്തോട് ചേർന്ന് താമസിക്കുന്നവർക്ക് മഴക്കാലത്ത് ഉരുൾപൊട്ടൽ ജാഗ്രതാ മുന്നറിയിപ്പ് നല്കുകയും, അടിയന്തിര സാഹചര്യങ്ങളിൽ അവരെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ